# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6575 | 21.11.2019-ന് മറുപടിയ്ക്ക് |
|---|---|

## മട്ടാഞ്ചേരി കറുത്തജൂതപ്പള്ളി ഏറ്റെടുക്കാൻ നടപടികൾ

| ചോദ്യം<br>ശ്രീ. ജോൺ ഫെർണാണ്ടസ് | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | പുരാവസ്തു വകുപ്പ് സംരക്ഷിത സ്മാരകമായി പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള എറണാകുളം മട്ടാഞ്ചേരി കറുത്ത ജൂതപ്പള്ളിയും അനുബന്ധ സ്ഥലവും ഏറ്റെടുക്കുന്നതിനായി റവന്യൂ വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | കറുത്ത ജൂതപ്പള്ളി സംരക്ഷിത സ്മാരകമായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത് പുരാവസ്തു വകുപ്പാണ്. തുടർന്ന് സ്ഥലവുമായി ബന്ധപ്പെട്ട ബാധ്യതകൾ തീർത്ത് പുരാവസ്തു ഡയറക്ടറുടെ പേരിൽ വസ്തു കൈമാറുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി 91.45 ലക്ഷം രൂപ എറണാകുളം ജില്ലാ കളക്ടർക്ക് 20/06/2018-ലെ സ.ഉ (സാധാ) 401/2018/സാം.കാ.വ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ ബന്ധപ്പെട്ട കക്ഷികളോട് ഭൂമിയുടെ കൈവശാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുവാൻ നിർദ്ദേശിക്കുകയും വിചാരണ നടത്തുകയും ചെയ്തിട്ടുള്ളതാണ്. മേൽപറഞ്ഞ വിചാരണയിൽ പ്രസ്തുത വസ്തുവിന്റെ രേഖകൾ സംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലും കൈവശാവകാശം തെളിയിക്കുന്നതിന് മതിയായ രേഖകൾ ഹാജരാക്കാതെയിരുന്നതിനാലും നഷ്ടപരിഹാരം വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലാത്തതാകുന്നു. തുടർന്ന് 31/10/2019-ലെ സ.ഉ (സാധാ) 3119/2019/റവ പ്രകാരം എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിലെ മട്ടാഞ്ചേരി വില്ലേജിലെ 601/3 സർവെ നമ്പറിൽ ഉൾപ്പെട്ട 3.51 ആർ ഭൂമി എൽ.എ.ആർ. ആർ.ആക്ട്, 2013 അനുസരിച്ച് ഏറ്റെടുക്കുന്നതിനുള്ള അനുമതി പുറപ്പെടുവിച്ചിട്ടുള്ളതും തുടർ നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. |
| (ബി) | സാംസ്കാരിക വകുപ്പ് 20.06.2018-ലെ സ.ഉ. (സാധാ) നം. 401/2018 പ്രകാരം 91.45 ലക്ഷം രൂപ ഇതിനായി എറണാകുളം ജില്ല കളക്ടറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടും പ്രസ്തുത സ്മാരകം ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ